പ്രസിദ്ധീകരിക്കുന്നു. കേന്ദ്രസർക്കാരിന്റെ ആർ.കെ.വി.വൈ. പദ്ധതിയിലൂടെ കോഴിക്കോട്, കണ്ണൂർ, മലപ്പുറം, പാലക്കാട് ജില്ലകളിൽ 500 ഹെക്ടർ വീതം പ്രദേശത്ത് ജൈവകൃഷി വ്യാപനത്തിനും സർട്ടിഫിക്കേഷനും നടപ്പിലാക്കുന്നതിന് 3 വർഷത്തേയ്ക്കുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ പദ്ധതി പ്രകാരം ഹോർട്ടിക്കൾച്ചർ വിളകളുടെ ജൈവകൃഷി വ്യാപനം, ജൈവ സർട്ടിഫിക്കേഷൻ, മണ്ണിരകമ്പോസ്റ്റ് നിർമ്മാണം എന്നീ മേഖലകളിലാണ് നടപ്പിലാക്കുന്നത്.

(ബി) മാലിന്യ സംസ്കരണത്തിലൂടെ ജൈവവളം ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികളും ആട്, കോഴി, താറാവ് മുതലായവ വളർത്തുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയും മൃഗസംരക്ഷണ വകുപ്പിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) ഉണ്ട്. കന്നുകാലികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനയുണ്ടാകുന്നതിന് 'ഗോവർദ്ധിനി' പദ്ധതി നടപ്പിലാക്കിവരുന്നു.

ഇടുക്കി കാർഷിക മേഖലയുടെ പുനരുദ്ധാരണം

179 (3464) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സാജു പോൾ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കിയിൽ കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിനായി സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ ശിപാർശ ചെയ്ത കാർഷിക പാക്കേജ് എത്ര കോടി രൂപയുടേതായിരുന്നു ;

(ബി) 2008-ൽ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി ഒന്നാം ഘട്ടമായി നേടിയെടുത്ത പാക്കേജ് എത്ര കോടിയുടേതായിരുന്നു ; ഇതിന്റെ കാലാവധി അവസാനിച്ചത് എപ്പോഴായിരുന്നു ; കാലാവധിക്ക് മുമ്പായി കേന്ദ്രം അനുവദിച്ച തുകയുടെ എത്ര ശതമാനം ചെലവഴിക്കുകയുണ്ടായി ; അവശേഷിക്കുന്നവ എത്ര ;

(സി) ഏലം, കുരുമുളക് കൃഷിക്കാർക്ക് പാക്കേജിന്റെ ഭാഗമായി സഹായം വല്ലതും നൽകുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അനുവദിച്ചു കിട്ടിയ പാക്കേജ് സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധ്യമായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്തായിരുന്നു ; ഇപ്പോൾ പാക്കേജിന്റെ സ്ഥിതി ഏത് ഘട്ടത്തിലാണ് ; വിശദമാക്കാമോ ?

ഉത്തരം

(എ) 764.42 കോടി രൂപയുടെ പാക്കേജിനാണ് സ്വാമിനാഥൻ ഫൗണ്ടേഷൻ ശിപാർശ ചെയ്തത്.

(ബി) 764.42 കോടി രൂപയുടെ പാക്കേജിനാണ് 2008 നവംബർ 20-ന് കേന്ദ്രസർക്കാർ അംഗീകാരം ലഭിച്ചത്. ഇടുക്കി പാക്കേജിന്റെ കാലാവധി 2013 നവംബറിൽ അവസാനിച്ചതായി (കേന്ദ്ര കൃഷി മന്ത്രാലയത്തിലെ അഡീ. ചീഫ് സെക്രട്ടറി 29-4-2013-ൽ കാർഷിക ഉല്പാദന കമ്മീഷണർക്ക് അയച്ച കത്ത്) കേന്ദ്രസർക്കാർ അറിയിച്ചിരുന്നു. ഈ കാലയളവിൽ കേന്ദ്രം അനുവദിച്ച (റിലീസ്) 237.78 കോടി രൂപയിൽ 70.59 ശതമാനം (167.86 കോടി രൂപ) വിനിയോഗിച്ചിട്ടുണ്ട്. അവശേഷിക്കുന്നത് 69.92 കോടി രൂപയാണ്.

(സി) ഏലം-കുരുമുളക് കൃഷിക്കാർക്ക് പാക്കേജിന്റെ ഭാഗമായി നാളിതുവരെ 88.60 കോടി രൂപയുടെ സഹായം നൽകിയിട്ടുണ്ട്.

(ഡി) ഇടുക്കി പാക്കേജിന്റെ നടത്തിപ്പിൽ പ്രതിബന്ധങ്ങൾ നേരിടുന്നുണ്ട്. 50 ലക്ഷത്തിനുതാഴെ ചെലവുള്ള പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ ഫണ്ടിലും അതിനുമേൽ തുകയുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ ഇടർ സ്കീമുകളിൽ DPR തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു നടപ്പിലാക്കുന്നത്. ഇടുക്കി പാക്കേജിനുമാത്രമായി ബഡ്ജറ്റ് വിഹിതമില്ലാത്തതിനാൽ പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. ചില പദ്ധതികൾക്ക് അതാത് സ്കീം പ്രകാരമുള്ള കേന്ദ്ര വിഹിതം കുറവായത് കാരണം പദ്ധതികൾ നടപ്പിലാക്കാൻ തടസ്സം നേരിടുന്നു. പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡങ്ങളുള്ള കേന്ദ്ര സ്കീമുകൾ കണ്ടെത്തി DPR തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്.

ഇടുക്കി പാക്കേജിന്റെ കാലാവധി 2013 നവംബറിൽ അവസാനിച്ചതായി (കേന്ദ്ര കൃഷി മന്ത്രാലയത്തിലെ അഡീ. ചീഫ് സെക്രട്ടറി 29-4-2013-ൽ കാർഷിക ഉല്പാദന കമ്മീഷണർക്ക് അയച്ച കത്ത്) കേന്ദ്രസർക്കാർ അറിയിച്ചിരുന്നു. ബഹു. മുഖ്യമന്ത്രി 23-1-2014-ലും 16-10-2014-ലും ഇടുക്കി

LIBRARY ARCHIVES Kerala Legislative Assembly

പാക്കേജിന്റെ കാലാവധി 2 വർഷംകൂടി നീട്ടുന്നതിന് കേന്ദ്ര സർക്കാരിന് കത്ത് നൽകി. എന്നാൽ ഇതിനുള്ള മറുപടിയായി പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ചു പൂർത്തിയാക്കുന്നതിന് ഇടുക്കി പാക്കേജിന്റെ കാലാവധി ദീർഘിപ്പിക്കാത്തത് തടസ്സമാവില്ലായെന്നും കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തുടർന്നും ആർ.കെ.വി.വൈ. പോലുള്ള തുടർ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണെന്നുമാണ് ബഹു. കേന്ദ്ര കൃഷി മന്ത്രി 13-11-2014-ൽ ബഹു. മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്. കൂടാതെ ഇടുക്കി പാക്കേജ്മൂലം ഗ്രാമീണ ഉപജീവന മാർഗ്ഗത്തിലും കാർഷിക മേഖലയിലും ഉണ്ടായ പ്രബലമായ പ്രഭാവവും കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യാത്തതും പ്രശംസനീയമായ നേട്ടമാണെന്ന് ടി കത്തിൽ പരാമർശിച്ചിട്ടുണ്ട്. നിർവ്വഹണ വകുപ്പ് അടിസ്ഥാനത്തിലുള്ള പുരോഗതി റിപ്പോർട്ട് അനുബന്ധത്തിൽ കാണാവുന്നതാണ്.

റബ്ബർ വിലയിടിവ്

180 (3465) ശ്രീ. കെ. കെ. നാരായണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബർ വിലയിടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ റബ്ബറിന് ഈ വിധത്തിൽ വിലയിടിവ് ഉണ്ടാകുവാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം വിലയിടിവിന് കാരണമായിട്ടുള്ള കരാറുകൾ നിലവിലുണ്ടോ ;

(ഡി) പ്രസ്തുത കരാറുകൾ എന്ന് മുതലാണ് നിലവിൽ വന്നതെന്നും ഈ കരാറിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റബ്ബർ ഒരു വ്യാവസായിക പ്രാധാന്യമുള്ള ഉല്പന്നമായതിനാൽ ഇതിന്റെ വില അന്താരാഷ്ട്ര വിലയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. സ്വതന്ത്ര വ്യാപാര കരാറിന്റെ അടിസ്ഥാനത്തിൽ ഇറക്കുമതി തീരുവ കുറവായതുകാരണം മലേഷ്യ, തായ്ലന്റ് ഉൾപ്പെടെയുള്ള ആസിയാൻ രാജ്യങ്ങളിൽ നിന്നും റബ്ബർ ഇറക്കുമതി ചെയ്യുന്നതും ഇതിന്റെ വിലയിടിവിന് കാരണമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly